Syro Malabar Commission for Liturgy



# യൗസേപ്പിന്റെ പക്കൽ പോകുവിൻ

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിന്റെ വർഷമായി ആചരിക്കുവാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു. ഈശോയെയും മറിയത്തെയും നിശബ്ദതയിലും എളിമയിലും വിശ്വാസത്തിലും യൗസേപ്പ് പരിചരിക്കുന്നു. തന്റെ മകന്റെ പിന്നിലെ ഒരു നിഴലായി മാത്രം യൗസേപ്പ് ജീവിച്ചു. തന്നെക്കാളും ഉയർന്നവനാണ് ഈശോ എന്ന് യൗസേപ്പിന് അറിയാമായിരുന്നു. തന്മൂലം ആദരവോടും മിതത്വത്തോടും കൂടെയാണ് യൗസേപ്പ് ഈശോയോട് കല്പിച്ചിരുന്നത്. പലപ്പോഴും താഴ്ന്ന മനുഷ്യർ ഉയർന്ന മനുഷ്യരുടെമേൽ നിയമിതരാകുന്നു. തന്മൂലം ഈശോ യൗസേപ്പിതാവിന് കീഴ്വഴങ്ങി ജീവിച്ചതുപോലെ ഉയർന്ന മനുഷ്യർ താഴ്ന്ന മനുഷ്യർക്ക് കീഴ്വഴങ്ങി ജീവിക്കുക മഹത്തരമാണെന്ന് ലൂക്കാ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ഒരിജൻ പ്രസ്താവിക്കുന്നു. വിശുദ്ധ യൗസേപ്പിനോടുള്ള സ്നേഹബന്ധത്തിൽ ആഴപ്പെടാനും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ പരിശീലിക്കാനും വിശുദ്ധ യൗസേപ്പിന്റെ വർഷാചരണവേളയിൽ നമുക്ക് പരിശ്രമിക്കാം. യൗസേപ്പിതാവിന്റെ പക്കൽ അണഞ്ഞ് നമ്മുടെ ആവശ്യങ്ങളും അപേക്ഷകളും ഉണർത്തിക്കുകയും താപസവിശുദ്ധിയോടെ ജീവിക്കുവാൻ യൗസേപ്പിതാവിന്റെ മാതൃക നമ്മെ സഹായിക്കുകയും ചെയ്യട്ടെ.

ആരാധനക്രമകമ്മീഷൻ
സീറോമലബാർ സഭ

www.syromalabarliturgy.org